(സി) വൈദ്യുതി സംരക്ഷണത്തിലൂടെ വൈദ്യുതിയുടെ ലഭ്യത കൂട്ടുന്നതിനും വൈദ്യുതിച്ചെലവ് കുറയ്ക്കുന്നതിനും സാധിക്കുന്നു.

വൈദ്യുതി ബോർഡിന്റെ മൊത്ത വരുമാനത്തിന്റെയും ആവശ്യകതയുടെയും വിശദാംശം

*25 [55] ശ്രീ. പി. സി. ജോർജ് :

,, പി. ജയരാജൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് റഗുലേറ്ററി കമ്മീഷന് മുന്നിൽ 2004-05 സാമ്പത്തിക വർഷത്തേക്കുള്ള മൊത്ത വരുമാന ആവശ്യകത സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വരുമാനവും ആവശ്യകതയും തമ്മിൽ എത്ര രൂപയുടെ വ്യത്യാസമുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രാബല്യത്തിൽ വന്ന നിരക്കുവർദ്ധനവുകൾ വിവിധ സേവന ചാർജുകളുടെ വർദ്ധനവുകൾ, മീറ്റർ വാടക, ലൈൻ വാടക എന്നിവ വഴി 2004-05 സാമ്പത്തിക വർഷം എത്ര രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ജീവനക്കാരുടെ ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചതു വഴിയും ഡി. എ. ഗഡുകൾ അനുവദിക്കാത്തത് വഴിയും തസ്തികകൾ വെട്ടിക്കുറച്ചതു വഴിയും 2003-04 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ചെലവു ചുരുക്കൽ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) 2004-05 വർഷം വരുമാനവും ആവശ്യകതയും തമ്മിലുണ്ടാവുമെന്ന് കണക്കാക്കിയിരിക്കുന്ന വ്യത്യാസം നികത്താനാവശ്യമായ രൂപത്തിൽ വൈദ്യുതി നിരക്കുകളിൽ വരുത്തേണ്ട വർദ്ധനവ് സംബന്ധിച്ച് ശുപാർശ സമർപ്പിക്കാൻ അനുവദിക്കണമെന്ന് ബോർഡ്, റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിട്ടുണ്ടോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2004-05 വർഷത്തേക്കുള്ള ബോർഡിന്റെ മൊത്ത വരുമാന ആവശ്യകതയും ചാർജ്ജുകളിൽ നിന്നും പ്രതീക്ഷിക്കുന്ന വരുമാനവും സംബന്ധിച്ചുള്ള നിവേദനം സമർപ്പിച്ചിട്ടുണ്ട്.

(ബി) വരുമാനവും ആവശ്യകതയും തമ്മിൽ 854.19 കോടി രൂപയുടെ വ്യത്യാസമാണ് കണക്കാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പ്രാബല്യത്തിൽ വന്ന വർദ്ധനവുകൾ വഴി നിലവിലുള്ള നിരക്കുകൾ അനുസരിച്ച് 2004-05 സാമ്പത്തിക വർഷം വിൽപ്പനയ്ക്ക് ലഭ്യമാകുമെന്ന് കരുതുന്ന 9350 ദശലക്ഷം യൂണിറ്റ് വൈദ്യുതിക്ക് വിലയായി ലഭിക്കുന്നത് 2636.65 കോടി രൂപയാണ്. ഇത്രയും വൈദ്യുതിക്ക് 2000-2001-ൽ നിലവിലിരുന്ന നിരക്കുകളനുസരിച്ച് വില കണക്കാക്കുകയാണെങ്കിൽ 1894 കോടി രൂപ വരും. അതുപോലെ 1-5-2002 മുതൽ നടപ്പിൽ വരുത്തിയ മീറ്റർ വാടക, നിലവിലുള്ള ലൈൻ വാടക, വിവിധ സേവന ചാർജുകൾ എന്നിവ വഴി 2004-2005 വർഷം 134.96 കോടി രൂപ അധികമായി ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം 2004-05-ൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന അധിക വരുമാനം 1077.61 കോടി രൂപയാണ്.

(ഡി) ജീവനക്കാരുടെ ശമ്പള ഇനത്തിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഗവൺമെന്റ് പുറപ്പെടുവിച്ച ചെലവ് ചുരുക്കൽ മാനദണ്ഡങ്ങളെ കണക്കിലെടുത്ത് അവധി ദിവസ വേതനം, ഓവർടൈം, ലീവ് സറണ്ടർ, ഭരണ ചെലവുകൾ തുടങ്ങിയവ ക്രമീകരിച്ചതു വഴിയും ജീവനക്കാരെ ആവശ്യമില്ലാത്ത മേഖലയിൽ നിന്നും പുനർ വിന്യസിച്ചതു വഴിയും 2002-2003 വർഷത്തിൽ 2001-2002 വർഷത്തേക്കാൾ 74 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. നടപ്പ് വർഷത്തിലും ഈ നടപടികൾ തുടരുന്നു. ആയതിനാൽ ടി കുറവ് നടപ്പ് വർഷത്തിലും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷത്തെ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമേ യഥാർത്ഥത്തിൽ ഉണ്ടായ ചെലവ് ചുരുക്കൽ എത്രയെന്ന് പറയുവാൻ കഴിയുകയുള്ളൂ.

(ഇ) 2004-2005 വർഷത്തേക്കുള്ള വരുമാനാവശ്യകതയും പ്രതീക്ഷിക്കുന്ന വരുമാനവുമാണ് കമ്മീഷന്റെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ആവശ്യകതയും വരുമാനവും തമ്മിലുള്ള വ്യത്യാസം കമ്മീഷന് യുക്തമെന്ന് തോന്നുന്ന രീതിയിൽ നികത്താൻ ഉത്തരവുണ്ടാകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. 2004-05 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ കമ്മീഷൻ പരിശോധിച്ച് അംഗീകരിച്ചാൽ മാത്രമേ വൈദ്യുതി നിരക്കുകളിൽ മാറ്റം വരുത്തണമോയെന്ന് തീരുമാനിക്കാൻ കഴിയൂ.

സംസ്ഥാനത്തെ ജലസമ്പത്ത് ചോർത്തുന്നത് തടയാൻ നടപടി

*26 [56] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജല സമ്പത്ത് അയൽ സംസ്ഥാനങ്ങൾ ചോർത്തുന്നത് തടയാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ അന്തർ സംസ്ഥാന നദീജല കരാറുകൾ പ്രകാരം കേരളത്തിനു ഓരോ പദ്ധതിയിൽ നിന്നും കിട്ടേണ്ട വെള്ളത്തിന്റെ അളവ് എത്രയാണെന്നും ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്നത് എത്രയാണെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly